## അധ്യായം 1

# രാഷ്ട്രീയസിദ്ധാന്തം: ഒരു ആമുഖം
# (Political Theory: An Introduction)



യുക്തിപൂർവ്വം ചിന്തിക്കാനും സ്വന്തം പ്രവർത്തികളുടെ നന്മതിൻമകൾ തിരിച്ചറിയാനും സാധിക്കുന്നു എന്നത് മനുഷ്യവർഗത്തിന്റെ സവിശേഷതയാണ്. ഭാഷ ഉപയോഗിച്ച് ആശയവിനിമയം നടത്താനുള്ള ശേഷിയും മനുഷ്യന്റെ പ്രത്യേകതയാണ്. മറ്റു ജീവിവർഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഏറ്റവും ആഴത്തിലുള്ള ചിന്തകളും അഭിപ്രായങ്ങളും പ്രകടിപ്പിക്കാനും നന്മതിന്മകളെക്കുറിച്ച് ചർച്ച ചെയ്യാനും മനുഷ്യന് സാധിക്കുന്നു. രാഷ്ട്രീയസിദ്ധാന്തം മനുഷ്യസത്തയുടെ രണ്ടുവശങ്ങളിൽ നിന്നും ഉത്ഭവിക്കുന്നതാണ്. എങ്ങനെയാണ് ഒരു സമൂഹത്തെ സംഘടിപ്പിക്കേണ്ടത്? എന്തുകൊണ്ടാണ് നമുക്ക് ഒരു ഗവൺമെന്റ് ആവശ്യമായി വരുന്നത്? ഏതാണ് ഏറ്റവും നല്ല രൂപത്തിലുള്ള ഗവൺമെന്റ്? നിയമങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നുണ്ടോ? എന്താണ് രാഷ്ട്രത്തിന് പൗരൻമാരോടുള്ള കടമ? പൗരൻമാരെന്ന നിലയിൽ നാം പരസ്പരം എങ്ങനെ കടപ്പെട്ടിരിക്കുന്നു? തുടങ്ങിയ ചോദ്യങ്ങളെ ഇത് വിശകലനം ചെയ്യുന്നു.

രാഷ്ട്രീയസിദ്ധാന്തം മുകളിൽ പറഞ്ഞിട്ടുള്ള ചോദ്യങ്ങളെ പരിശോധനാവിധേയമാക്കുകയും രാഷ്ട്രീയജീവിതത്തിന്റെ അടിത്തറയായിട്ടുള്ള സ്വാതന്ത്ര്യം, നീതി, സമത്വം തുടങ്ങിയ മൂല്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള ചിന്തകൾക്കു രൂപം നൽകുകയും ചെയ്യുന്നു. ഈ മൂല്യങ്ങളെയും മറ്റ് അനുബന്ധചിന്തകളുടെ അർത്ഥത്തെയും പ്രാധാന്യത്തെയും രാഷ്ട്രീയസിദ്ധാന്തം വിശദീകരിക്കുന്നു. പഴയതും പുതിയതുമായ തത്ത്വചിന്തകളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ മൂല്യങ്ങളുടെ നിലവിലുള്ള നിർവചനങ്ങൾക്ക് കൂടുതൽ വ്യക്തത നൽകുന്നത്. നമ്മൾ നിത്യജീവിതത്തിൽ ഇടപഴകുന്ന വിദ്യാലയം, കച്ചവടസ്ഥാപനങ്ങൾ, ബസ്, തീവണ്ടി, സർക്കാർ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ എത്രത്തോളം സ്വാതന്ത്ര്യവും സമത്വവും ഉണ്ടെന്നുള്ളതും രാഷ്ട്രീയസിദ്ധാന്തം പരിശോധിക്കുന്നു. ഒരു പടി കൂടി കടന്ന് നിലവിലുള്ള നിർവചനങ്ങൾ പര്യാപ്തമാണോയെന്നും, അതുപോലെ നിലവിലുള്ള സ്ഥാപനങ്ങളെയും (സർക്കാർ, ഉദ്യോഗസ്ഥവൃന്ദം) നയരൂപീകരണപ്രക്രിയകളെയും ജനാധിപത്യപരമായി എങ്ങനെ മെച്ചപ്പെടുത്താമെന്നും രാഷ്ട്രീയ സിദ്ധാന്തം പരിഗണിക്കുന്നു. രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ച് യുക്തിപരമായി ചിന്തിക്കാനും നമ്മുടെ കാലത്തെ രാഷ്ട്രീയസംഭവവികാസങ്ങളെ വിലയിരുത്താനും പൗരനു പരിശീലനം നൽകുക എന്നതു രാഷ്ട്രീയസിദ്ധാന്തത്തിന്റെ ലക്ഷ്യമാണ്.

ഈ അധ്യായത്തിൽ എന്താണ് രാഷ്ട്രീയ സിദ്ധാന്തം എന്നും എന്തുകൊണ്ട് നമ്മൾ അതു പഠിക്കണം എന്നതിനെക്കുറിച്ചും പരിശോധിക്കുന്നു.

**നമുക്ക് സംവദിക്കാം**

എന്താണ് രാഷ്ട്രീയം?

## 1.1 എന്താണ് രാഷ്ട്രീയം? (What is politics?)

എന്താണ് രാഷ്ട്രീയം എന്നതിനെക്കുറിച്ച് ആളുകൾക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളതെന്ന് നിങ്ങൾ ശ്രദ്ധിച്ചിരിക്കും. രാഷ്ട്രീയ

നേതാക്കൻമാരും തെരെഞ്ഞെടുപ്പിൽ മത്സരിച്ച് രാഷട്രീയപദവികൾ വഹിക്കുന്നവരും രാഷ്ട്രീയം ഒരു പൊതുസേവനമാണെന്ന് അവകാശപ്പെട്ടേക്കാം. എന്നാൽ, മറ്റു ചിലരെ സംബന്ധിച്ച് ക്രമക്കേടുകളിലൂടെയും തിരിമറികളിലൂടെയും സ്വന്തം അഭിലാഷങ്ങൾ നേടിയെടുക്കുന്നതാണ് രാഷ്ട്രീയം. കുറച്ചുപേർക്കാകട്ടെ രാഷ്ട്രീയക്കാർ എന്ത് ചെയ്യുന്നുവോ അതാണ് രാഷ്ട്രീയം. രാഷ്ട്രീയക്കാരുടെ കൂറുമാറ്റത്തെയും കപടവാഗ്ദാനങ്ങളെയും വലിയ അവകാശവാദങ്ങളെയും, വ്യത്യസ്ത ഗ്രൂപ്പുകൾക്കിടയിൽ നടത്തുന്ന ഉപജാപങ്ങളെയും കണ്ടുകൊണ്ടിരിക്കുന്നവർ രാഷ്ട്രീയത്തെ വെറും 'കുംഭകോണം' മാത്രമായിട്ടേ കണക്കാക്കുന്നുള്ളു. ജീവിതത്തിന്റെ വിവിധ തുറകളിൽ വ്യാപരിക്കുന്നവർ സ്വാർഥ താൽപര്യത്തിനുവേണ്ടി കുത്സിത മാർഗങ്ങൾ ഉപയോഗിക്കുന്നതിനെ 'അവർ രാഷട്രീയം കളിക്കുന്നു' എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഇത്, രാഷ്ട്രീയം എന്നാൽ 'അഴിമതി' മാത്രമാണെന്ന ബോധം എത്രത്തോളം ആഴത്തിൽ പതിഞ്ഞിരിക്കുന്നു എന്നതിനു തെളിവാണ്. ക്രമക്കേടിലൂടെ ടീമിൽ തന്റെ സ്ഥാനം നിലനിർത്തുന്ന കളിക്കാരനെയും, അച്ഛന്റെ പദവി ദുരുപയോഗം ചെയ്യുന്ന സഹപാഠിയേയും, മേലധികാരിയോട് അമിതവിധേയത്വം പ്രകടിപ്പിക്കുന്ന സഹപ്രവർത്തകനെയും നമ്മൾ ഹീനമായ രാഷ്ട്രീയക്കളി കളിക്കുന്നവർ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. അത്തരത്തിലുള്ള ദുഷ്പ്രവർത്തികൾകണ്ട് രാഷ്ട്രീയത്തോട് ഒരു നിരാശാമനോഭാവം നമ്മളിൽ വളർന്നുവന്നിട്ടുണ്ട്. നമ്മൾ പറയാറുണ്ട്, "നമുക്ക് രാഷ്ട്രീയത്തിൽ താൽപര്യമില്ല," അല്ലങ്കിൽ "ഞാൻ രാഷ്ട്രീയത്തിൽ നിന്നും അകന്നു നില്ക്കാൻ ആഗ്രഹിക്കുന്നു" എന്നൊക്കെ. സാധാരണക്കാർ മാത്രമല്ല, രാഷ്ട്രീയപാർട്ടികൾക്ക് സംഭാവനകൾ നൽകി അവരിൽ നിന്നും നേട്ടങ്ങൾ കൊയ്യുന്ന വ്യാപാരികളും സംരംഭകരും തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് രാഷ്ട്രീയത്തിൽ കുറ്റം ആരോപിക്കാറുണ്ട്. രാഷ്ട്രീയത്തെ കുറ്റം പറയുന്ന ചലച്ചിത്രതാരങ്ങളും ഒരിക്കൽ രാഷ്ട്രീയത്തിൽ ഇറങ്ങിയാൽ ആ കളിയിൽ ആണ്ടുപോകാറുണ്ട്.



R. K. Laxman in the Times of India

നിങ്ങൾ രാഷ്ട്രീയത്തിൽ നിന്നും വിരമിക്കണം നിങ്ങളുടെ പ്രവർത്തികൾ മോശമായ രീതിയിൽ ഇവനെ സ്വാധീനിക്കുന്നു. കള്ളം പറഞ്ഞും വഞ്ചിച്ചും മുന്നോട്ട് പോകാമെന്നാണ് ഇവനും വിചാരിക്കുന്നത്.

അങ്ങനെ നമ്മൾ രാഷ്ട്രീയത്തിന്റെ വ്യത്യസ്ത കാഴ്ചപ്പാടുകളെ പരിചയപ്പെട്ടു. നാം അകന്നുനില്ക്കേണ്ടവിധം തെറ്റായ ഒന്നാണോ രാഷ്ട്രീയം? അതോ കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തെ സൃഷ്ടിക്കുന്നതിനു നമ്മൾ പങ്കെടുക്കേണ്ടുന്ന സുപ്രധാനമായ ഒരു പ്രവർത്തനമാണോ രാഷ്ട്രീയം?

പത്രം വായിച്ച് ഏതൊക്കെ പ്രശ്നങ്ങളാണ് തലക്കെട്ടുകളിൽ ഇടം പിടിച്ചിരിക്കുന്നതെന്ന് കണ്ടെത്തുക. അവ നിങ്ങളെ സംബന്ധിച്ച് പ്രസക്തമാണെന്നു കരുതുന്നുണ്ടോ?

തെറ്റായ മാർഗങ്ങളിലൂടെ സ്വാർഥതാൽപര്യങ്ങൾ നേടുന്നതിനുള്ള ഒരു മാർഗമായി രാഷ്ട്രീയം മാറുന്നത് നിരാശാജനകമാണ്. ഏതു സമൂഹത്തിന്റെയും അവിഭാജ്യവും സുപ്രധാനവുമായ ഘടകമാണ് രാഷ്ട്രീയം എന്നു നാം തിരിച്ചറിയേണ്ടതുണ്ട്. രാഷ്ട്രീയം നമ്മളെ ഒരു സർപ്പത്തെപ്പോലെ വരിഞ്ഞുമുറുക്കിയിരിക്കുകയാണ്, അതുമായി ഏറ്റുമുട്ടുകയല്ലാതെ വേറേ വഴിയില്ല എന്ന് മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ സംഘാടനമോ കൂട്ടായ തീരുമാനമെടുക്കലോ ഇല്ലാതെ ഒരു സമൂഹത്തിനും നിലനിൽക്കാനാവില്ല. കുടുംബം, ഗോത്രങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും സഫലീകരിക്കുന്നതിന് ഉയർന്നുവരുകയുണ്ടായി. ഒരുമിച്ചു ജീവിക്കാനും പരസ്പരമുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് അറിയാനും ഇത്തരം സ്ഥാപനങ്ങൾ നമ്മെ സഹായിക്കുകയുണ്ടായി. അത്തരം സ്ഥാപനങ്ങളിൽ സുപ്രധാനമായ പങ്ക് വഹിക്കുന്ന ഒന്നാണ് ഗവൺമെന്റ്. അതുകൊണ്ടുതന്നെ എങ്ങനെയാണ് ഗവൺമെന്റുകൾ രൂപം കൊള്ളുന്നതെന്നും അവ എങ്ങനെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും രാഷ്ട്രീയത്തിന്റെ പരിഗണനാ വിഷയമാണ്.

പക്ഷേ, രാഷ്ട്രീയം എന്നതിനെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലേക്ക് മാത്രം ചുരുക്കാൻ കഴിയില്ല. യഥാർഥത്തിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിവിധ രീതികളിൽ ജനങ്ങളെ ബാധിക്കാറുണ്ട്. നമ്മുടെ സാമ്പത്തിക, വിദ്യാഭ്യാസ, വിദേശ നയങ്ങൾക്ക് രൂപംനൽകുന്നത് ഗവൺമെന്റാണെന്ന് നമുക്കറിയാം. ജനജീവിതം മെച്ചപ്പെടുത്താൻ ഈ നയങ്ങൾ തീർച്ചയായും സഹായകരമായിരിക്കും. എന്നാൽ കാര്യപ്രാപ്തിയില്ലാത്തതും അഴിമതിയിൽ മുങ്ങിയതുമായ ഒരു ഗവൺമെന്റ് ജനങ്ങളുടെ ജീവനും സുരക്ഷക്കും ഭീഷണിയായിരിക്കും. തർക്കങ്ങൾ സംഘർഷങ്ങളിലേക്ക് നയിക്കുന്നത് തടയാൻ ഗവൺമെന്റിന് കഴിഞ്ഞില്ലെങ്കിൽ കമ്പോളങ്ങളും സ്കൂളുകളും അടച്ചിടേണ്ടിവരുന്ന സാഹചര്യമുണ്ടാകും. അപ്പോൾ നമുക്ക് അത്യാവശ്യസാധനങ്ങൾ വാങ്ങാൻ കഴിയില്ല. രോഗികളെ അടിയന്തിരമായി ആശുപത്രികളിൽ എത്തിക്കാൻ കഴിയാതെ വരുന്നു. അതുപോലെ തന്നെ സ്കൂളുകളിൽ അധ്യയനം മുടങ്ങുകയും പാഠഭാഗങ്ങൾ കൃത്യസമയത്തിന് പഠിപ്പിച്ചു തീർക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ കുട്ടികൾ ഫീസ് കൊടുത്ത് ട്യൂഷനു പോകേണ്ടിവരും. ഇങ്ങനെ നമ്മുടെ ജീവിതം ആകെ താറുമാറാകുന്നു. അതേസമയം വിദ്യാഭ്യാസനിലവാരവും തൊഴിൽ ലഭ്യതയും മെച്ചപ്പെടുത്താനുള്ള നടപടികളാണ് ഗവൺമെന്റ്

**നമുക്കിതു ചെയ്യാം**

എങ്ങനെയൊക്കെയാണ് നമ്മുടെ ദൈനംദിനജീവിതത്തെ രാഷ്ട്രീയം സ്വാധീനിക്കുന്നത്. നിങ്ങളുടെ ജീവിതത്തിലെ ഒരു ദിവസത്തെ സംഭവങ്ങളെ വിലയിരുത്തുക.

കൈക്കൊള്ളുന്നതെങ്കിൽ നമുക്ക് നല്ല സ്കൂളിൽനിന്നും വിദ്യാഭ്യാസം ലഭിക്കാനും നല്ലൊരു തൊഴിൽ ലഭിക്കുന്നതിനുമുള്ള അവസരമുണ്ടാകുകയും ചെയ്യുന്നു.

ഗവൺമെന്റിന്റെ നടപടികൾ നമ്മളെ ബാധിക്കുമെന്നതുകൊണ്ടുതന്നെ അതിന്റെ പ്രവർത്തനങ്ങളെ നാം ശ്രദ്ധാപൂർവം വീക്ഷിക്കാറുണ്ട്. നമ്മൾ സംഘടനകൾ രൂപീകരിക്കുകയും അതിലൂടെ നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രചരണങ്ങൾ നടത്തുകയും ചെയ്യും. നമ്മൾ മറ്റുള്ളവരുമായി നിരന്തരചർച്ചകളിൽ ഏർപ്പെട്ടുകൊണ്ട് ഗവൺമെന്റ് പിന്തുടരേണ്ട ലക്ഷ്യങ്ങൾക്ക് രൂപം കൊടുക്കുന്നു. ഗവൺമെന്റിന്റെ നയങ്ങളോട് വിയോജിപ്പുതോന്നുന്ന അവസരങ്ങളിൽ നാം പ്രതിഷേധപ്രകടനങ്ങൾ നടത്തുകയും നിയമങ്ങളിൽ മാറ്റം വരുത്താൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നമ്മൾ നമ്മുടെ ജനപ്രതിനിധികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആവേശപൂർവം സംസാരിക്കുകയും അഴിമതി വർധിച്ചിട്ടുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നു. അഴിമതിയെ പൂർണമായും തുടച്ചു നീക്കാൻ കഴിയുമോ? ചില വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണം നീതിയുക്തമാണോ? തുടങ്ങിയ ചോദ്യങ്ങൾ ഈ ചർച്ചാവേളയിൽ ഉയർന്നുവരാറുണ്ട്. ഈ രീതിയിൽ നമ്മൾ നിലവിലുള്ള അപചയങ്ങൾക്കും പ്രശ്നങ്ങൾക്കും പിന്നിലുള്ള കാരണങ്ങൾ മനസിലാക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തി കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിന്റെ രൂപം കൊള്ളലിനായി സ്വപ്നം കാണുകയും ചെയ്യുന്നു.

ചുരുക്കിപ്പറഞ്ഞാൽ, എന്താണ് നീതിയുക്തമെന്നും, നമുക്കും നമ്മുടെ സമൂഹത്തിനും അഭിലഷണീയമായതെന്തൊക്കെയാണെന്നുമുള്ള വ്യത്യസ്ത വീക്ഷണങ്ങളിൽ നിന്നാണ് രാഷ്ട്രീയം ഉത്ഭവിക്കുന്നത്. സമൂഹത്തിൽ നടക്കുന്ന നിരവധി ചർച്ചകളിലൂടെ ഉരുത്തിരിയുന്ന കൂട്ടായ തീരുമാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഒരു വശത്ത് ഇത് ഗവൺമെന്റിന്റെ പ്രവർത്തനം ജനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും മറുവശത്ത് ജനങ്ങൾ എങ്ങനെയാണ് സമരങ്ങളിലൂടെ ഗവൺമെന്റിന്റെ തീരുമാനങ്ങളെത്തന്നെ സ്വാധീനിക്കുന്നതെന്ന വസ്തുതയും രാഷ്ട്രീയത്തിൽ ഉൾപ്പെടുന്നു. ജനങ്ങൾ പരസ്പരം വാദപ്രതിവാദത്തിൽ ഏർപ്പെടുത്തുന്നതിനെയും സമൂഹത്തിന്റെ വികസനത്തിനും പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉതകുന്ന കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിനെയും നാം രാഷ്ട്രീയമെന്നാണ് വിളിക്കാറുള്ളത്.

**നമുക്ക് സംവദിക്കാം**

വിദ്യാർഥികൾ രാഷ്ട്രീയത്തിൽ പങ്കാളികളാകണോ?

## 1.2 രാഷ്ട്രീയസിദ്ധാന്തത്തിൽ എന്താണ് നാം പഠിക്കുന്നത്?
**(What do we study in political theory?)**

നമുക്കുചുറ്റും ഒന്നു കണ്ണോടിച്ചാൽ ചലനാത്മകതയും വികസനവും പരിവർത്തനങ്ങളുമാണ് നാം കാണുന്നത്. എന്നാൽ, ഒന്നുകൂടി ആഴത്തിൽ കാര്യങ്ങൾ മന

സിലാക്കാൻ ശ്രമിക്കുകയാണെങ്കിൽ ജനങ്ങളെയും നയരൂപീകരണത്തെയും സ്വാധീനിക്കുന്ന ആശയങ്ങളും തത്ത്വങ്ങളും ഏതൊക്കെയാണെന്നും നമുക്ക് മനസിലാക്കാൻ കഴിയും. ജനാധിപത്യം, സ്വാതന്ത്ര്യം സമത്വം തുടങ്ങിയ മൂല്യങ്ങൾ ഇതിനുദാഹരണമാണ്. ഇന്ത്യയും അമേരിക്കയും ഉൾപ്പടെയുള്ള നിരവധി രാജ്യങ്ങൾ ഈ മൂല്യങ്ങളെ ഭരണഘടനയുടെ ഭാഗമാക്കി സംരക്ഷിച്ചുവരുന്നു.

ഈ പ്രമാണങ്ങളൊന്നുംതന്നെ പെട്ടന്നുണ്ടായവയല്ല. കൗടില്യൻ, അരിസ്റ്റോട്ടിൽ, ജീൻ ജാക്വിസ് റൂസ്സോ, കാറൽ മാർക്സ്, മഹാത്മാഗാന്ധി, അംബേദ്കർ തുടങ്ങിയവരുടെ കാലം മുതൽ തന്നെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ആശയങ്ങളുടെയും മൂല്യങ്ങളുടെയും അടിത്തറയിലാണ് അവ കെട്ടിപ്പൊക്കിയിരിക്കുന്നത്. ബി.സി. അഞ്ചാം നൂറ്റാണ്ടിൽത്തന്നെ പ്ലേറ്റോയും അരിസ്റ്റോട്ടിലും രാജവാഴ്ചയാണോ ജനാധിപത്യമാണോ മികച്ച വ്യവസ്ഥ എന്നതിനെക്കുറിച്ച് അവരുടെ വിദ്യാർഥികളുമായി സംവാദത്തിൽ ഏർപ്പെട്ടിരുന്നു. ആധുനികകാലത്ത് സ്വാതന്ത്ര്യം മനുഷ്യന്റെ മൗലികാവകാശമാണന്ന് ആദ്യം വാദിച്ചത് റൂസ്സോയാണ്. മാർക്സിന്റെ അഭിപ്രായത്തിൽ സ്വാതന്ത്ര്യംപോലെതന്നെ പ്രധാനമാണ് സമത്വവും. മഹാത്മാഗാന്ധിയാകട്ടെ യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ച് അഥവാ സ്വരാജിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഹിന്ദ്സ്വരാജ് എന്ന പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്നു. പട്ടികജാതിക്കാരെ ന്യൂനപക്ഷമായി പരിഗണിക്കണമെന്നും അവർക്ക് പ്രത്യേക പരിരക്ഷ നൽകണമെന്നും അംബേദ്കർ ശക്തിയുക്തം വാദിച്ചു. ഈ ആശയങ്ങളെയെല്ലാം ഇന്ത്യൻ ഭരണഘടനയിൽ വളരെ പ്രധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഭരണഘടനയുടെ ആമുഖം സ്വാതന്ത്ര്യത്തെയും സമത്വത്തെയും ഉയർത്തിപ്പിടിക്കുന്നു. അതുപോലെ തന്നെ അവകാശങ്ങളെക്കുറിച്ചുള്ള ഭരണഘടനയിലെ അധ്യായത്തിൽ എല്ലാതരത്തിലുള്ള തൊട്ടുകൂടായ്മയേയും നിരോധിച്ചിരിക്കുന്നു. കൂടാതെ, ഗാന്ധിയൻ ആശയങ്ങൾ നിർദ്ദേശക തത്വങ്ങളിൽ പ്രതിഫലിച്ചിരിക്കുന്നു.

ഭരണഘടനകൾ, ഗവൺമെന്റ്, സാമൂഹ്യജീവിതം എന്നിവക്കു രൂപം നൽകിയ ആശയങ്ങളെയും തത്വങ്ങളെയും വ്യവസ്ഥാപിതമായിതന്നെ രാഷ്ട്രീയ സിദ്ധാന്തം പഠനവിധേയമാക്കുന്നു. കൂടാതെ സ്വാതന്ത്ര്യം, സമത്വം, നീതി, ജനാധിപത്യം, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾക്ക് വ്യക്തമായ അർഥങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. രാഷ്ട്രീയസിദ്ധാന്തം, നിയമവാഴ്ച (rule of law) അധികാര വേർതിരിവ് (Separation of powers), നീതിന്യായപുനപ്പരിശോധന തുടങ്ങിയ തത്ത്വങ്ങളുടെ പ്രധാന്യത്തെക്കുറിച്ച് ഗൗരവമുള്ള അന്വേഷണങ്ങൾ നടത്തുന്നു. വ്യത്യസ്തരായ ചിന്തകർ ഈ വിഷയങ്ങളെ സാധൂകരിച്ചുകൊണ്ടുനടത്തിയ അഭിപ്രായങ്ങളെ വിലയിരുത്തിക്കൊണ്ടാണ് ഇത്തരം അന്വേഷണങ്ങൾ നടത്തുന്നത്. റൂസ്സോ, മാർക്സ്, ഗാന്ധി എന്നിവർ രാഷ്ട്രീയക്കാരായിരുന്നില്ലെങ്കിൽപോലും അവരുടെ ആശയ

ഈ അധ്യായത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രാഷ്ട്രീയചിന്തകരെ കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക (50 വാക്കുകളിൽ)

ങ്ങൾ എല്ലായിടത്തെയും നിരവധി തലമുറകളിൽപ്പെട്ട രാഷ്ട്രീയക്കാരെ സ്വാധീനിച്ചിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിലും സ്വാതന്ത്ര്യവും ജനാധിപത്യവും പോലെയുള്ള മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ചിന്തകളുണ്ട്. രാഷ്ട്രീയസൈദ്ധാന്തികർ ഇത്തരം വാദഗതികൾ നിരത്തുന്നതു കൂടാതെ സമകാലികരാഷ്ട്രീയ അനുഭവങ്ങളെ വിലയിരുത്തിക്കൊണ്ട് ഭാവി സംഭവവികാസങ്ങൾ കൂടി പ്രവചിക്കാൻ ശ്രമിക്കുന്നു.

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിലും സാഹചര്യങ്ങളിലും ഏതു രാഷ്ട്രീയതത്വം അല്ലങ്കിൽ മൂല്യമാണ് പ്രവർത്തിക്കുന്നതെന്നു നിങ്ങൾക്ക് കണ്ടെത്താനാകുമോ?

1. ഏതു വിഷയമാണ് ഞാൻ സ്കൂളിൽ പഠിക്കേണ്ടതെന്നു തീരുമാനിക്കാൻ എനിക്ക് കഴിയണം.
2. അയിത്താചരണം നിരോധിച്ചിരിക്കുന്നു.
3. എല്ലാ ഇന്ത്യക്കാരും നിയമത്തിനുമുന്നിൽ തുല്യരാണ്.
4. ന്യൂനപക്ഷങ്ങൾക്ക് അവരുടേതായ സ്കൂളുകളും കോളേജുകളും ഉണ്ടായിരിക്കും.
5. ഇന്ത്യ സന്ദർശിക്കുന്ന വിദേശികൾക്ക് ഇന്ത്യയിലെ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ കഴിയില്ല.
6. ചലച്ചിത്രങ്ങൾക്കോ മാധ്യമങ്ങൾക്കോ സെൻസർഷിപ്പ് ഏർപ്പെടുത്താൻ പാടില്ല.
7. വിദ്യാർഥികളുമായി ആലോചിച്ചതിനു ശേഷമായിരിക്കണം വാർഷിക ആഘോഷപരിപാടികൾ തീരുമാനിക്കാൻ.
8. എല്ലാവരും റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങുകളിൽ പങ്കെടുക്കണം.

പക്ഷേ ഇതെല്ലാം നമ്മളെ സംബന്ധിച്ച് ഇപ്പോഴും പ്രസക്തമാണോ? സ്വാതന്ത്ര്യവും ജനാധിപത്യവും നമ്മൾ നേടിയെടുത്തു കഴിഞ്ഞില്ലേ? ഇന്ത്യ ഒരു സ്വതന്ത്രപരമാധികാരരാജ്യമായെങ്കിലും സ്വാതന്ത്ര്യത്തെയും സമത്വത്തെയും സംബന്ധിക്കുന്ന ചോദ്യങ്ങൾ അവസാനിപ്പിക്കാൻ സമയമായിട്ടില്ല. എന്തുകൊണ്ടെന്നാൽ സ്വാതന്ത്ര്യം, സമത്വം, ജനാധിപത്യം എന്നിവയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ സാമൂഹ്യജീവിതത്തിൽ ഉയർന്നുവരുകയും അവ വ്യത്യസ്ത അളവിൽ വിവിധ മേഖലകളിൽ പ്രതിഫലിക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണമായി, തുല്യാവകാശങ്ങളിലൂടെ രാഷ്ട്രീയസമത്വം ഉറപ്പാക്കിയിട്ടുണ്ടെങ്കിലും ആ രീതിയിൽ സാമൂഹ്യവും സാമ്പത്തികവുമായ സമത്വം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾക്ക് തുല്യമായ രാഷ്ട്രീയാവകാശങ്ങൾ ഉണ്ടെങ്കിലും ജാതിയുടെയും ദാരിദ്ര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള സാമൂഹികവിവേചനങ്ങൾ നിലനിൽക്കുന്നു. ചിലർക്ക് സമൂഹത്തിൽ പ്രത്യേക സ്ഥാനമാനങ്ങൾ കിട്ടുമ്പോൾതന്നെ മറ്റുള്ളവർക്ക് അവരുടെ അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയുന്നില്ല. ചിലർക്ക് ജീവിതത്തിൽ അവർ ആഗ്രഹിച്ച കാര്യങ്ങളൊക്കെ നേടാൻ കഴിയു

*പുരാതനഗ്രീസിൽ ഏഥൻസ് നഗരത്തിലെ ഏറ്റവും വിവേകശാലിയായ മനുഷ്യനായിട്ടാണ് സോക്രട്ടീസിനെ കണക്കാക്കിയിരുന്നത്. സമൂഹം, മതം, രാഷ്ട്രം എന്നിവയെ സംബന്ധിച്ച് ജനമനസുകളിൽ അടിയുറച്ചു പോയ വിശ്വാസങ്ങളെ വെല്ലുവിളിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തതിന്റെ പേരിലായിരുന്നു അദ്ദേഹത്തിന്റെ പ്രശസ്തി. ഈ കാരണത്താൽ തന്നെയാണ് ഏഥൻസിലെ ഭരണാധികാരികൾ അദ്ദേഹത്തിനു മരണശിക്ഷ വിധിച്ചതും.*

*അദ്ദേഹത്തിന്റെ ശിഷ്യനായ പ്ലേറ്റോ സോക്രട്ടീസിന്റെ ജീവിതത്തെയും ആശയങ്ങളെയും കുറിച്ച് വളരെ വിശദമായി എഴുതിയിട്ടുണ്ട്. പ്ലേറ്റോ തന്റെ റിപ്പബ്ലിക് എന്ന കൃതിയിൽ സോക്രട്ടീസിനെ ഒരു കഥാപാത്രമായി അവതരിപ്പിക്കുകയും അദ്ദേഹത്തിലൂടെ എന്താണ് നീതി? എന്ന ചോദ്യത്തെ വിശകലനവിധേയമാക്കുകയും ചെയ്യുന്നു.*

*സോക്രട്ടീസും, സിഫാലസും തമ്മിലുള്ള ഒരു സംഭാഷണത്തിലൂടെയാണ് ഈ പുസ്തകം ആരംഭിക്കുന്നത്. ഈ സംഭാഷണത്തിലൂടെ സിഫാലസും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും നീതിയെക്കുറിച്ചുള്ള തങ്ങളുടെ ധാരണ അപര്യാപ്തവും ആധികാരികമല്ലാത്തതുമാണെന്ന് തിരിച്ചറിയുന്നു.*

*ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്, യുക്തിപൂർവമായ വാദഗതികളിലൂടെ നിലവിലുള്ള കാഴ്ചപ്പാടിന്റെ പരിമിതികളെയും പൊരുത്തക്കേടിനെയും തുറന്നു കാണിക്കുന്നു എന്നതാണ്. അങ്ങനെ അദ്ദേഹത്തിന്റെ എതിരാളികൾക്ക് തങ്ങൾ ജീവിതത്തിൽ മുറുകെപ്പിടിച്ച കാഴ്ചപ്പാടുകൾ ഒന്നും നിലനിൽക്കുന്നതല്ല എന്ന് ക്രമേണ മനസിലാകുന്നു.*

മ്പോൾ മറ്റു ചിലർക്ക് സ്കൂളിൽ പോകാനോ അതുവഴി മാന്യമായ ഒരു തൊഴിൽ കണ്ടെത്താനോപോലും കഴിയുന്നില്ല. അവരെ സംബന്ധിച്ച് സ്വാതന്ത്ര്യം എന്നു പറയുന്നത് ഒരു വിദൂരസ്വപ്നം മാത്രമാണ്.

രണ്ടാമതായി, നമ്മുടെ ഭരണഘടന സ്വാതന്ത്ര്യം ഉറപ്പാക്കിയിട്ടുണ്ടെങ്കിലും അതിനു എല്ലായ്പ്പോഴും പുതിയ വ്യാഖ്യാനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതു നാം ചില കളികളിൽ ഏർപ്പെടുന്നതിനു സമാനമായ അനുഭവമാണ്. നമ്മൾ ക്രിക്കറ്റോ ചെസ്സോ കളിക്കുമ്പോൾ കളിയുടെ നിയമങ്ങൾ എങ്ങനെയൊക്കെ വ്യാഖ്യാനിക്കാമെന്ന് മനസിലാക്കുന്നു. അതേപോലെ, ഭരണഘടന ഉറപ്പാക്കിയിരിക്കുന്ന മൗലികാവകാശങ്ങൾ മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി വ്യാഖ്യാനിക്കപ്പെടുന്നു. ഉദാഹരണമായി, ജീവനോപാധിക്കുള്ള (Right to livelihood) അവകാശം കോടതികളുടെ വ്യാഖ്യാനത്തിലൂടെ ജീവിക്കാനുള്ള അവകാശത്തിന്റെ (Right to life) ഭാഗമായി മാറി. ഒരു പുതിയ നിയമത്തിലൂടെ വിവരാവകാശവും (Right to Information) നിലവിൽ വന്നിരിക്കുന്നു. സമൂഹം പുതിയ വെല്ലുവിളികൾ നേരിടുന്നതിനനുസരിച്ച് പുതിയ വ്യാഖ്യാനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന മൗലികാവകാശങ്ങൾ പുതിയ സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ കോടതിവ്യാഖ്യാനത്തിലൂടെയും ഗവൺമെന്റ് സ്വീകരിക്കുന്ന നയതീരുമാനങ്ങളിലൂടെയും ഭേദഗതികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

*എങ്ങനെയാണ് സോക്രട്ടീസ് ഈ നേട്ടം കൈവരിക്കുന്നതെന്ന് വായിച്ചു നോക്കൂ.*

"നിങ്ങളുടെ സംഭാഷണം മികച്ചതായിരുന്നു.
സിഫാലസ്, ഞാൻ പറഞ്ഞു: പക്ഷേ നീതിയെക്കുറിച്ച് പറയുമ്പോൾ, എന്താണ് നീതി?
–സത്യം പറയുക അതുപോലെ കടങ്ങൾ തീർക്കുക – നീതിയെന്നാൽ ഇതിൽ കൂടുതൽ ഒന്നുമല്ലേ? ഇവയുടെ കാര്യത്തിൽത്തന്നെ വ്യത്യസ്തതകളില്ലേ?
ഒരു സുഹൃത്ത് അയാളുടെ ശരിയായ മാനസികാവസ്ഥയിൽ കുറച്ച് ആയുധങ്ങൾ എന്നെ ഏൽപിച്ചു എന്നു കരുതുക? എന്നാൽ അയാളുടെ മനോനില തെറ്റിയ അവസരത്തിൽ അവ തിരികെ വേണമെന്ന് ആവശ്യപ്പെട്ടാൽ അത് തിരികെക്കൊടുക്കാൻ ഞാൻ ബാധ്യസ്ഥനാണോ?

'നിങ്ങൾ പറയുന്നത് ശരിയാണ്, അദ്ദേഹം പറഞ്ഞു.

അപ്പോൾ സത്യം പറയുന്നതും കടം കൊടുത്തു തീർക്കുന്നതുമാണ് നീതി എന്നു പറഞ്ഞാൽ അത് നീതിയുടെ ശരിയായ നിർവ്വചനമാകണമെന്നില്ല.
നമ്മുടെ സുഹൃത്തുക്കൾക്ക് നന്മ ചെയ്യുന്നതും ശത്രുക്കൾക്ക് ദോഷം വരുത്തുന്നതുമാണ് നീതി എന്നു ലളിതമായി പറയുന്നതിനു പകരം നമ്മൾ കുറേക്കൂടി വ്യക്തമായി പറയേണ്ടത്, സുഹൃത്തുക്കൾ നല്ലവരായിരിക്കുമ്പോൾ അവർക്ക് നൻമ ചെയ്യുക അതുപോലെ ശത്രുക്കൾ തിൻമ നിറഞ്ഞവരായിരിക്കുമ്പോൾ അവർക്ക് ദോഷം വരുത്തുക എന്നതാണ് നീതി എന്നാണോ?
ശരിയാണ്, അത് എനിക്ക് സത്യമായി തോന്നുന്നു.

മൂന്നാമതായി, ലോകത്തിന്റെ മാറ്റത്തിനനുസരിച്ച് സ്വാതന്ത്ര്യത്തിനു പുതിയ മാനങ്ങൾ കൈവരുന്നു, അതുപോലെ പുതിയ ഭീഷണികളും. ഉദാഹരണമായി വിവരസാങ്കേതികവിദ്യകളുടെ അഭൂതപൂർവമായ വളർച്ചയുടെ ഫലമായി ആഗോളവാർത്താവിനിമയ ശൃംഖലകൾ ഉപയോഗിച്ച് സാമൂഹികപ്രവർത്തകർക്ക് ഗോത്ര സംസ്കാരത്തെയും വനങ്ങളെയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പത്തിലാക്കാൻ കഴിയും. അതേസമയം, തന്നെ കുറ്റവാളികൾക്കും ഭീകരർക്കും ഈ പുതിയ സാങ്കേതിക സംവിധാനം അവരുടെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുമെന്നത് യാഥാർഥ്യവുമാണ്. കൂടാതെ ഇന്റർനെറ്റ് വഴിയുള്ള വ്യാപാരം സമീപഭാവിയിൽ കൂടുതൽ, വർധിക്കുമെന്നതിൽ സംശയമില്ല. ഇത് അർഥമാക്കുന്നത് സാധനസേവനങ്ങൾ ലഭ്യമാകാൻ ഇന്റർനെറ്റിൽ നമ്മളെക്കുറിച്ച് രേഖപ്പെടുത്തുന്ന വിവരങ്ങൾ സംരക്ഷിക്കപ്പെടണമെന്നാണ്. അതുകൊണ്ടു തന്നെ സൈബർ പൗരൻമാർ (Netizen) ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽപോലും വ്യക്തിസുരക്ഷക്കും സ്വകാര്യതയുടെ സംരക്ഷണത്തിനും കുറച്ചു നിയന്ത്രണങ്ങൾ ആവശ്യമാണെന്നു

**നമുക്കിതു ചെയ്യാം**

വിവിധ മാസികകളിൽ നിന്നും വർത്തമാനപ്പത്രങ്ങളിൽ നിന്നും കാർട്ടൂണുകൾ ശേഖരിക്കുക. ഏതൊക്കെ പ്രശ്നങ്ങളാണ് അവ പ്രധാനമായും പരിഗണിക്കുന്നത്? ഏത് രാഷ്ട്രീയദർശനമാണ് അവ ഉയർത്തിക്കാണിക്കുന്നത്?

പക്ഷേ നീതിമാനായ വ്യക്തിക്ക് ഒരാളെ മുറിവേൽപ്പിക്കാൻ കഴിയുമോ?

'അവൻ അവന്റെ ശത്രുക്കളെയും ദുഷ്ടന്മാരെയും മുറിവേൽപ്പിക്കും എന്നതിനു സംശയം വേണ്ട"

കുതിരകളെ മുറിവേൽപ്പിക്കുമ്പോൾ അവയെ നന്നാക്കുകയാണോ നശിപ്പിക്കുകയാണോ ചെയ്യുന്നത്?

"നശിപ്പിക്കുകയാണ്"

നശിപ്പിക്കുക എന്നാൽ കുതിരയുടെ നല്ല ഗുണങ്ങൾ നശിപ്പിക്കുക, അല്ലാതെ നായയുടേതല്ല.

അതെ, കുതിരയുടെ നല്ല ഗുണങ്ങൾ നശിപ്പിക്കപ്പെടുന്നു.

അതുപോലെ നായയുടെ നല്ല ഗുണങ്ങളും നശിപ്പിക്കപ്പെടുന്നു. കുതിരയുടേതല്ല.

അതെ, തീർച്ചയായും അങ്ങനെ തന്നെ.

അതുപോലെ മുറിവേൽക്കുന്ന മനുഷ്യന്റെ നന്മയും നശിപ്പിക്കപ്പെടുകയില്ലേ?

ഉറപ്പായും

നശിപ്പിക്കപ്പെടുന്ന ആ മാനുഷിക നന്മയല്ലേ നീതി?

തീർച്ചയായും.

അംഗീകരിക്കാൻ നിർബന്ധിതമായിരിക്കുന്നു. ഇതിന്റെ ഫലമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നവർക്ക് എത്രമാത്രം സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നതിനെക്കുറിച്ച് ചോദ്യങ്ങൾ ഉയർന്നുവന്നിരിക്കുന്നു. ഉദാഹരണമായി, അപരിചിതരായിട്ടുള്ളവർക്ക് അനധികൃത ഇ-മെയിൽ സന്ദേശങ്ങൾ അയക്കാൻ ഒരു വ്യക്തിക്ക് അവകാശമുണ്ടോ? നിങ്ങളുടെ ഉൽപ്പന്നങ്ങളുടെ പരസ്യങ്ങൾ ചാറ്റ് റൂമുകളിൽ (Chat rooms) പ്രദർശിപ്പിക്കാനാകുമോ? തീവ്രവാദികളെ പിടികൂടുന്നതിന്റെ ഭാഗമായി സ്വകാര്യ ഈ -മെയിൽ സന്ദേശങ്ങൾ വായിക്കാൻ ഗവൺമെന്റിനധികാരമുണ്ടോ? ഈ മേഖലയിൽ ഏത്രമാത്രം നിയന്ത്രണങ്ങളാകാം? അതുപോലെ ആർക്കാണ് നിയന്ത്രണങ്ങൾ ഏർപ്പടുത്താനുള്ള അവകാശം? ഗവൺമെന്റിനോ അതോ സ്വകാര്യസംവിധാനങ്ങൾക്കോ? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്താൻ രാഷ്ട്രീയ സിദ്ധാന്തം നമ്മെ സഹായിക്കുമെന്നുള്ളത് അതിന്റെ പ്രസക്തി വർധിപ്പിക്കുന്നു.

### 1.3 രാഷ്ട്രീയസിദ്ധാന്തം പ്രയോഗത്തിൽ (Putting Political Theory to Practice)

ഈ പാഠപുസ്തകത്തിൽ നമ്മൾ രാഷ്ട്രീയസിദ്ധാന്തത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. സ്വാതന്ത്ര്യം, സമത്വം, പൗരത്വം, നീതി, വികസനം, ദേശീയത, മതേതരത്വം തുടങ്ങിയ രാഷ്ട്രീയാശയങ്ങളുടെ ഉത്ഭവം, അർഥം, പ്രാധാന്യം എന്നിവയെ ഇവിടെ പഠനവിധേയമാക്കിയിരിക്കുന്നു. നമ്മൾ സാധാരണയായി ഒരു വിഷ

അപ്പോൾ മുറിവേൽക്കപ്പെടുന്ന മനുഷ്യന് അനീതി മാത്രമേ പ്രവർത്തിക്കാൻ കഴിയൂ.

അതായിരിക്കും അതിന്റെ ഫലം.

ഒരു കുതിരപരിശീലകന് അയാളുടെ വിദ്യ കൊണ്ട് ഒരു മോശം കുതിരക്കാരനെ സൃഷ്ടിക്കാനാകുമോ?

അത് അസാധ്യമാണ്.

ഒരു സംഗീതജ്ഞനു അയാളുടെ സംഗീതം കൊണ്ട് മനുഷ്യരെ സംഗീതവിരോധികളാക്കാൻ കഴിയുമോ?

തീർച്ചയായും കഴിയില്ല.

ഒരു നീതിമാന് നീതിയിലൂടെ മനുഷ്യരെ അനീതിയുള്ളവരാക്കാൻ കഴിയുമോ, അല്ലെങ്കിൽ പൊതുവായി പറഞ്ഞാൽ നല്ലവർക്ക് നന്മയിലൂടെ മറ്റുള്ളവരിൽ തിന്മ വളർത്താൻ കഴിയുമോ?

ഒരിക്കലുമില്ല.

അപ്പോൾ നീതിമാൻമാരായ മനുഷ്യരാണു നല്ലവർ?

തീർച്ചയായും.

നന്മയുള്ളവർക്ക് ആരെയെങ്കിലും ദ്രോഹിക്കാൻ കഴിയുമോ?

അത് അസാധ്യമാണ്.

അപ്പോൾ ഒരു സുഹൃത്തിനെയോ മറ്റാരെയെങ്കിലുമോ മുറിവേൽപ്പിക്കുന്നത് ഒരു നീതിമാനു യോജിച്ച പ്രവൃത്തിയല്ല മറിച്ച് അതൊരു അനീതിക്കാരന്റെ പ്രവൃത്തിയാണ്.

യത്തെ സംബന്ധിച്ച് ഒരു ചർച്ചക്ക് തുടക്കമിടുമ്പോൾ "എന്താണ് ഇതുകൊണ്ട് അർഥമാക്കുന്നത്?" എന്ന് ചോദിക്കാറുണ്ട്, അതുപോലെ ഇത് "എത്രത്തോളം പ്രാധാന്യമുള്ളതാണെന്നും. രാഷ്ട്രീയസൈദ്ധാന്തികർ എന്താണ് സ്വാതന്ത്ര്യം, എന്താണ് സമത്വം എന്നീ ചോദ്യങ്ങൾ ചോദിക്കുകയും വിഭിന്നങ്ങളായ നിർവചനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഗണിതശാസ്ത്രത്തിൽ ത്രികോണത്തിനും ചതുരത്തിനും ഓരോ നിർവചനങ്ങൾ മാത്രമേ ഉള്ളൂ. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി സമത്വം, സ്വാതന്ത്ര്യം, നീതി തുടങ്ങിയ ആശയങ്ങൾക്ക് നിരവധി നിർവ്വചനങ്ങളാണ് രാഷ്ട്രീയസിദ്ധാന്തത്തിലുള്ളത്.

ഇതിനുകാരണം സമത്വം എന്നത് നമ്മളും മറ്റുള്ളവരുമായുള്ള ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ഒരാശയമാണ്. വസ്തുക്കളിൽ നിന്നും വ്യത്യസ്തമായി മനുഷ്യർക്ക് സമത്വത്തെക്കുറിച്ചും തങ്ങളുടേതായ അഭിപ്രായമുണ്ടായിരിക്കും. ഇങ്ങനെ രൂപം കൊള്ളുന്ന വിഭിന്നങ്ങളായ അഭിപ്രായങ്ങളെ മനസിലാക്കുകയും സമീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതെങ്ങനെ നമുക്ക് സാധ്യമാക്കാം? സമത്വവുമായി ബന്ധപ്പെട്ട നമ്മുടെ അനുഭവങ്ങൾ പരിശോധിച്ചു നോക്കാം.

കടകളിലും ആശുപത്രികളിലും 'ക്യൂ' തെറ്റിച്ച് ചില ആളുകൾ മുന്നിൽ കയറാൻ ശ്രമിക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ചില അവസരങ്ങളിൽ അങ്ങനെ ചെയ്യുന്നവരോട് പുറകിൽ പോയി കൃത്യമായ വരിയിൽ നിൽക്കാൻ

നിങ്ങൾ പറയുന്നത് ശരിയാണ് സോക്രട്ടീസ്.

ഒരു രോഗത്തെ പ്രതിരോധിക്കാനും അതിൽ നിന്ന് മുക്തി നേടാനും ശേഷിയുള്ളവനു തന്നെയാണ് ഒരു രോഗത്തെ സൃഷ്ടിക്കാനും കഴിയുന്നത്.

'ഉറപ്പായും'

ഒരു സൈനികപ്പാളയത്തിന്റെ നല്ല സംരക്ഷകനു തന്നെയായിരിക്കും ശത്രുവിന്റെ പാളയത്തിലേക്ക് നുഴഞ്ഞു കയറാനും കഴിയുക?

തീർച്ചയായും.

അപ്പോൾ ഒരു വസ്തു നന്നായി സൂക്ഷിക്കാൻ കഴിയുന്നവൻ ഒരു നല്ല മോഷ്ടാവും കൂടിയായിരിക്കും.?

ആ കാഴ്ചപ്പാട് ശരിയാണ്.

അപ്പോൾ ഒരുവനു പണം നന്നായി സൂക്ഷിക്കാനറിയാമെങ്കിൽ അത് മോഷ്ടിക്കാനും കഴിയും.

"അത് നിങ്ങളുടെ വാദത്തിൽ അന്തർലീനമായിരിക്കുന്നുണ്ട്.

അപ്പോൾ ഒരു നീതിമാനായ മനുഷ്യൻ മോഷ്ടാവായി മാറുന്നു.

നിങ്ങൾ വാദിച്ചത് നല്ലവർ നമ്മുടെ സുഹൃത്തുക്കളും മോശക്കാർ നമ്മുടെ ശത്രുക്കളും എന്നല്ലേ?

ആവശ്യപ്പെടുന്നത് കേൾക്കുമ്പോൾ നമുക്ക് സന്തോഷം തോന്നാറുണ്ട്. അതേസമയം, അവർ വരിലംഘിച്ച് തള്ളിക്കയറുമ്പോൾ നമ്മൾ വഞ്ചിക്കപ്പെട്ടതായി തോന്നുന്നു. ഇത്തരം പ്രവൃത്തികളെ നമ്മളെതിർക്കുന്നു. കാരണം, തുല്യ അവസരം നമ്മൾ ആഗ്രഹിക്കുന്നു. അപ്പോൾ സമത്വം എന്നത് തുല്യ അവസരവുമാണ്. അതേസമയംതന്നെ അംഗപരിമിതർക്കും പ്രായം ചെന്നവർക്കും ഇത്തരം അവസരങ്ങളിൽ കൊടുക്കുന്ന പ്രത്യേക പരിഗണന മനസിലാക്കാൻ നമുക്ക് ബുദ്ധിമുട്ടില്ല.

പക്ഷേ, നമ്മുടെ ശ്രദ്ധയിൽ വരുന്ന മറ്റൊരുകാര്യം അനേകം പാവപ്പെട്ട ആളുകൾക്ക് പണമില്ലാത്തതുകൊണ്ട് കടകളിൽ പോയി സാധനം വാങ്ങാനോ ആശുപത്രിയിൽ ചികിത്സ നേടാനോ കഴിയുന്നില്ല എന്നതാണ്. ഇവരിൽ കുറേപ്പേർ കൽവെട്ട്, ഇഷ്ടികനിർമാണം തുടങ്ങിയ മണിക്കൂറുകൾ നീളുന്ന ജോലിയിൽ ഏർപ്പെടുന്നവരായിരിക്കും. ഒരു സമൂഹത്തിൽ കുറച്ചുപേരുടെ അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റപ്പെടുന്നില്ല എന്നത് അനീതിയാണെന്ന് നമ്മുടെ രാഷ്ട്രീയ ബോധം നമ്മോട് പറയും. അതുവഴി സമത്വം എന്നത് നീതിയുമായി ബന്ധപ്പെട്ടതാണെന്നും അതുകൊണ്ട് മനുഷ്യരെ സാമ്പത്തികചൂഷണത്തിലൂടെ നിരാലംബരാക്കുന്നത് ശരിയല്ലെന്നും നമ്മൾ മനസ്സിലാക്കും.

സ്വന്തം ആഹാരത്തിനുള്ള വക കണ്ടെത്താൻ ജോലി ചെയ്യുന്നതുകൊണ്ട് സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളുടെ കാര്യം ആലോചിച്ചു നോക്കൂ. അതു

അതെ.

അപ്പോൾ, നമ്മുടെ സുഹൃത്തുക്കൾക്ക് നൻമ ചെയ്യുകയും ശത്രുക്കൾക്ക് ദോഷം വരുത്തുകയും ചെയ്യുക എന്നതാണ് നൻമ എന്നതിനു പകരം പറയേണ്ടത്. നമ്മുടെ സുഹൃത്തുക്കൾ നല്ലവരായിരിക്കുമ്പോൾ നൻമ ചെയ്യുക. നമ്മുടെ ശത്രുക്കൾ മോശക്കാരായിരിക്കുമ്പോൾ ദോഷം ചെയ്യുക എന്നാണോ?

" അതാണ് എനിക്ക് സത്യമായി തോന്നുന്നത്".

കുതിരയ്ക്ക് മുറിവേൽക്കുമ്പോൾ അത് മെച്ചപ്പെടുകയാണോ നശിക്കുകയാണോ ചെയ്യുന്നത്?

അവസാനം പറഞ്ഞത്.

നശിക്കുകയെന്നു പറഞ്ഞാൽ കുതിരയുടെ നല്ല ഗുണങ്ങൾ നശിപ്പിക്കപ്പെടും, അല്ലാതെ നായയുടെ അല്ല?

അതെ കുതിരയുടെ തന്നെ.

അതുപോലെ നായകൾക്ക് അതിന്റെ നല്ല ഗുണങ്ങൾ നഷ്ടപ്പെടും. കുതിരയുടെ നല്ല ഗുണങ്ങളല്ല നഷ്ടപ്പെടുക?

തീർച്ചയായും.

അതുപോലെ മുറിവേൽക്കുന്ന മനുഷ്യന്റെയും യഥാർഥനൻമ നശിപ്പിക്കപ്പെടും?

പോലെതന്നെ, രക്ഷാകർത്താക്കൾ ജോലിക്കുപോകുന്നതു കാരണം ഇളയകുട്ടികളെ നോക്കാൻ ചുമതലപ്പെട്ട പെൺകുട്ടികളുടെ കാര്യവും. അവർക്കും സ്കൂൾ പഠനം ഇടക്കുവച്ച് നിർത്തേണ്ടതായി വരുന്നു. ഈ അവസ്ഥയിൽ ഇന്ത്യൻ ഭരണഘടന വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമാക്കിയിട്ടുണ്ടെങ്കിലും അതെല്ലാം വെറും ഔപചാരികതകൾ മാത്രമായി ചുരുങ്ങുന്നു. അപ്പോൾ ഗവൺമെന്റ് ഈ കുട്ടികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു.

അങ്ങനെ, സമത്വത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകൾ വളരെ സങ്കീർണമാണെന്നു നമ്മൾ മനസിലാക്കി. നമ്മൾ ഒരു ക്യൂവിലൊ, കളിസ്ഥലത്തോ നിൽക്കുമ്പോൾ നമ്മൾ അവസരസമത്വം ആഗ്രഹിക്കുന്നു. നമ്മൾ ശാരീരികാവശതകൾ ഉള്ളവരാണെങ്കിൽ നമുക്ക് പ്രത്യേക പരിഗണന ആവശ്യമായി വരുന്നു. നമുക്ക് നമ്മുടെ അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത സാഹചര്യത്തിൽ അവസരസമത്വം കൊണ്ട് പ്രയോജനമൊന്നുമില്ല. അതുകൊണ്ടു തന്നെ നമുക്ക് സ്കൂളിൽ പോകാനും സഹായങ്ങൾ ലഭ്യമാകുന്നതിനും അനുയോജ്യമായ വിഭവങ്ങളുടെ നീതിയുക്തമായ (തൊഴിൽ, മാന്യമായ വേതനം, ചികിത്സാസഹായം തുടങ്ങിയവ) വിതരണത്തിനുമുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കണം. ഇത് നീതി ലഭ്യമാക്കാൻ ഉത്തരവാദിത്വപ്പെട്ട ഒരു സംവിധാനത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

തീർച്ചയായും.

ആ മനുഷ്യന്മന്മയെന്നാൽ നീതി അല്ലേ?

ഉറപ്പായും.

അപ്പോൾ പീഡിതനാകുന്ന മനുഷ്യന് അനീതി മാത്രമേ പ്രവർത്തിക്കാൻ കഴിയൂ?

അതായിരിക്കും അതിന്റെ ഫലം.

ഒരു സംഗീതജ്ഞന് അയാളുടെ സംഗീതം കൊണ്ട് മനുഷ്യരെ സംഗീതവിരോധികളാക്കാൻ കഴിയുമോ?

ഒരിക്കലുമില്ല.

ഒരു കുതിരക്കാരനു അയാളുടെ വിദ്യ കൊണ്ട് മോശം കുതിരക്കാരനെ സൃഷ്ടിക്കാൻ കഴിയുമോ?

അസാധ്യമാണ്.

അപ്പോൾ നീതിമാനു നീതി കൊണ്ട് ഒരു മനുഷ്യനെ നീതിരഹിതനാക്കാനാകുമോ, അല്ലെങ്കിൽ സാധാരണ രീതിയിൽ പറഞ്ഞാൽ, നല്ലവർക്ക് നന്മയിലൂടെ മറ്റുള്ളവരിൽ തിന്മ വളർത്താനാകുമോ?

തീർച്ചയായും സാധ്യമല്ല.

നല്ലവരായ മനുഷ്യർക്ക് ആരെയെങ്കിലും ദ്രോഹിക്കാൻ കഴിയുമോ?

അത് അസാധ്യമാണ്.

സമത്വത്തെക്കുറിച്ചും നമുക്ക് നിരവധി നിർവചനങ്ങൾ ഉള്ളതിനു കാരണം അതിന്റെ അർഥം സാഹചര്യങ്ങൾക്കനുസരിച്ച് മാറും എന്നതുകൊണ്ടാണ്. സമത്വം എന്ന ആശയം നമ്മളുമായി എങ്ങനെയൊക്കെ ബന്ധപ്പെട്ടിരിക്കുന്നു എന്ന രീതിയിൽ ആരംഭിച്ച ചർച്ച അവസാനം എത്തിച്ചേർന്നത് മറ്റുള്ളവരിലേക്കാണ് (ദരിദ്രർ, നിരാംലംബർ, മുതിർന്നവർ തുടങ്ങിയവർ). അങ്ങനെ നമ്മൾ സമത്വത്തിന്റെ വിവിധ അടുക്കുകളുള്ള അർഥതലങ്ങൾ കണ്ടെത്തി.

രാഷ്ട്രീയസൈദ്ധാന്തികർ രാഷ്ട്രീയതത്ത്വങ്ങളുടെ അർഥം വ്യക്തമാക്കുന്നത് അതെങ്ങനെയാണ് സാധാരണഭാഷയിൽ മനസിലാക്കപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതും എന്ന് പരിശോധിച്ചുകൊണ്ടാണ്. അതിന്റെ വിവിധ അർഥതലങ്ങൾ അവർ ചിട്ടയായ ചർച്ചകൾക്കും വിശകലനത്തിനും വിധേയമാക്കുന്നു. എപ്പോഴൊക്കെയാണ് അവസരസമത്വം മാത്രം മതിയാകുന്നത്? എപ്പോഴൊക്കെയാണ് ആളുകൾക്ക് പ്രത്യേകപരിഗണന ആവശ്യമായി വരുന്നത്? അത്തരം പ്രത്യേക പരിഗണനകൾ എത്ര നാളത്തേയ്ക്കും എത്രകാലത്തേയ്ക്കും കൊടുക്കാം? സ്കൂൾ പഠനം ഉപേക്ഷിച്ചുപോകാതിരിക്കാൻ പാവപ്പെട്ട കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകണമോ? രാഷ്ട്രീയസൈദ്ധാന്തികർ ഇത്തരത്തിലുള്ള നിരവധി ചോദ്യങ്ങളെ അഭിമുഖീകരിക്കുന്നു. ഈ പ്രശ്നങ്ങളെല്ലാം പ്രായോഗിക തലത്തിൽ വരുന്നവയായതുകൊണ്ടുതന്നെ അവ വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും കാര്യത്തിൽ പൊതുനയരൂപീകരണത്തിനുള്ള മാർഗനിർദേശങ്ങളായി മാറുന്നു.

മാത്രമല്ല നീതിമാൻമാരായ മനുഷ്യരല്ലേ നല്ല മനുഷ്യർ?

തീർച്ചയായും.

അപ്പോൾ ഒരു സുഹൃത്തിനെയോ മറ്റ് ആരെയെങ്കിലുമോ ദ്രോഹിക്കുന്നത് ഒരു നീതിമാന്റെ പ്രവൃത്തിയല്ല, മറിച്ച് അതിനു വിരുദ്ധമായിട്ടുള്ള അനീതി കാണിക്കുന്നവന്റെ പ്രവൃത്തിയായിരിക്കില്ലേ?

താങ്കളുടെ അഭിപ്രായം വളരെ ശരിയാണെന്ന് എനിക്കു തോന്നുന്നു സോക്രട്ടീസ്.

അപ്പോൾ ഒരാൾ കൊടുത്തുതീർക്കാനുള്ള കടത്തെക്കുറിച്ചും ഇങ്ങനെ പറയുകയാണെന്നിരിക്കട്ടെ. തന്റെ സുഹൃത്തുക്കളോടുള്ള കടം നന്മയാണെന്നും ശത്രുക്കളോടുള്ളത് തിന്മയാണെന്നും അത് സത്യമല്ലാത്തതുകൊണ്ട് തന്നെ വിവേകശൂന്യവുമാണ്. നമ്മൾ നേരത്തെ വ്യക്തമാക്കിയതുപോലെ മറ്റൊരാളെ ദ്രോഹിക്കുന്നത് ഒരു തരത്തിലും നീതീകരിക്കാനാകില്ല.

ഞാൻ താങ്കളോട് പൂർണമായും യോജിക്കുന്നു. പോളിമാർക്കസ് വ്യക്തമാക്കി.

സമത്വത്തിന്റെ കാര്യത്തിലെന്നപോലെ മറ്റു രാഷ്ട്രീയാശയങ്ങളുടെ കാര്യത്തിലും ദൈനംദിനജീവിതത്തിൽ നിന്നും ഉയർന്നുവരുന്ന അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് അവയുടെ വിവിധ അർഥതലങ്ങൾ ചർച്ചചെയ്യുകയും അനുയോജ്യമായ നയരൂപീകരണനിർദേശങ്ങളായി അവതരിപ്പിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യം, പൗരത്വം, അവകാശങ്ങൾ, വികസനം, നീതി, സമത്വം, ദേശീയത, മതേതരത്വം തുടങ്ങിയ പ്രധാനപ്പെട്ട ആശയങ്ങൾ തുടർന്നുള്ള ആധ്യായങ്ങളിൽ നമ്മൾ ചർച്ചചെയ്യുന്നു.

## 1.4 നമ്മൾ എന്തുകൊണ്ട് രാഷ്ട്രീയസിദ്ധാന്തം പഠിക്കണം? (Why Should We Study Political Theory?)

നമുക്ക് രാഷ്ട്രീയകാഴ്ചപ്പാടുകൾ ഉണ്ട്, എങ്കിലും നമ്മൾ രാഷ്ട്രീയസിദ്ധാന്തം പഠിക്കേണ്ടതുണ്ടോ? രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാർക്കല്ലേ ഈ പഠനം കൂടുതൽ അനുയോജ്യം? അല്ലെങ്കിൽ നയരൂപീകരണം നടത്തുന്ന ഉദ്യോഗസ്ഥർക്കല്ലേ ഇത് ആവശ്യം? അതുമല്ലങ്കിൽ രാഷ്ട്രീയസിദ്ധാന്തം പഠിപ്പിക്കുന്ന അധ്യാപകർക്കല്ലേ ഇത് വേണ്ടിവരുന്നത്? ഭരണഘടന വ്യാഖ്യാനിക്കുന്ന വക്കീലൻമാരും ന്യായാധിപൻമാരും മാത്രം ഇത് പഠിച്ചാൽ പോരെ? അല്ലെങ്കിൽ ചൂഷണത്തെ തുറന്നു കാണിക്കുകയും പുതിയ അവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന സാമൂഹ്യപ്രവർത്തകരും പത്രപ്രവർത്തകരും അല്ലേ ഇതു പഠിക്കേണ്ടത്? നമ്മൾ ഹയർസെക്കന്ററി വിദ്യാർഥികൾ സ്വാതന്ത്ര്യത്തിന്റെയോ സമത്വത്തിന്റേയോ അർഥമറിഞ്ഞിട്ട് എന്തു ഗുണമാണ് ഉണ്ടാകുക?.

ഒന്നാമതായി നാം മനസിലാക്കേണ്ട കാര്യം മുകളിൽ പരാമർശിച്ച എല്ലാ വിഭാഗങ്ങൾക്കും രാഷ്ട്രീയസിദ്ധാന്തം അത്യാവശ്യമാണെന്നുള്ളതാണ്. ഹയർസെക്കന്ററി വിദ്യാർഥികൾ എന്നനിലയ്ക്ക് മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു തൊഴിൽ മേഖലയായിരിക്കും ഭാവിയിൽ നമ്മൾ തെരഞ്ഞെടുക്കുക. അതുകൊണ്ട് പരോക്ഷമായി നമുക്ക് രാഷ്ട്രീയസിദ്ധാന്തപഠനം ഇപ്പോൾത്തന്നെ പ്രസക്തമാണ്. മറ്റൊന്ന് നമ്മൾ ഗണിതശാസ്ത്രജ്ഞനോ എഞ്ചിനീയറോ ആയില്ലെങ്കിൽക്കൂടി നമ്മൾ ഗണിതശാസ്ത്രം പഠിക്കാറില്ലേ? അതിനുകാരണം അടിസ്ഥാന ഗണിതം നമ്മുടെ ദൈനംദിനജീവിതത്തിൽ ആവശ്യമായി വരുന്നതുകൊണ്ടല്ലേ?

രണ്ടാമതായി; നമ്മളെല്ലാം വോട്ടവകാശമുള്ളവരും മറ്റു പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കേണ്ട പൗരൻമാരുമാണ്. ഇത്തരത്തിൽ ഉത്തരവാദിത്തത്തോടുകൂടി പ്രവർത്തിക്കണമെങ്കിൽ നമ്മൾ ജീവിക്കുന്ന ലോകത്തെ രൂപപ്പെടുത്തിയിട്ടുള്ള രാഷ്ട്രീയ ആശയങ്ങളെക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചും അടിസ്ഥാനപരമായ അറിവ് നമുക്കുണ്ടായിരിക്കണം. വിവരസാങ്കേതികവിദ്യ പ്രബലമായ ഒരു സമൂഹത്തിൽ ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനായാലും സാമൂഹ്യമാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകളിലും സർവേകളിലും പങ്കെടുക്കുന്നതിനായാലും യുക്തിസഹമായ ചിന്തയും അറിവും നിർണയകമാണ്. ഇവിടെയെല്ലാം ആലോചനാരഹിതമായ അഭിപ്രായപ്രകടനങ്ങൾ നമ്മളെ ഒരുതരത്തിലും സഹായിക്കില്ല. എന്നാൽ, നമ്മൾ ചിന്താശേഷിയോടെയും പക്വമായും ഇടപെടുകയാണെങ്കിൽ നമ്മുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ചർച്ചചെയ്യാനും ഈ പുതിയ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.

ഒരു പൗരൻ എന്നനിലക്ക് നമ്മൾ ഒരു സംഗീതസഭയിലെ കേൾവിക്കാരെപ്പോലെയാണ്. നമ്മൾ അവിടെ ഗാനം ആലപിക്കുകയും സംഗീതം ചിട്ടപ്പെടുത്തുകയും ചെയ്യുന്ന പ്രധാനപ്പെട്ട കലാകാരൻമാരിൽ ഉൾപ്പെടുന്നില്ല. പക്ഷേ, നമ്മളായിരിക്കും പരിപാടികളുടെ മൊത്തത്തിലുള്ള അന്തരീക്ഷം തീരുമാനിക്കുന്നതും, സംഗീതം ആസ്വദിച്ചുകൊണ്ട് പുതിയവയ്ക്കുവേണ്ടിയുള്ള നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നത്. കേൾവിക്കാർ നല്ല അറിവുള്ളവരും ഉയർന്ന ആസ്വാദനശേഷിയുള്ളവരുമാണെന്നു മനസിലാക്കുമ്പോൾ സംഗീതജ്ഞർ മികച്ച പ്രകടനം കാഴ്ചവെക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? അതുപോലെ രാഷ്ട്രീയവിദ്യാഭ്യാസം നേടിയവരും കുടുതൽ ജാഗരൂകരുമായ ഒരു പൗരസമൂഹവും പ്രായോഗികരാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നവരെ പൊതുനൻമക്കുവേണ്ടി പ്രവർത്തിക്കാൻ പ്രേരിപ്പിയ്ക്കും.

മൂന്നാമതായി: സ്വാതന്ത്ര്യം, സമത്വം, മതേതരത്വം എന്നിവ നമ്മുടെ ജീവിതത്തിലെ അമൂർത്തങ്ങളായ പ്രശ്നങ്ങളല്ല. നമ്മൾ മിക്കപ്പോഴും കുടുംബങ്ങളിലും, വിദ്യാലയങ്ങളിലും, കോളേജുകളിലും വ്യാപാരശാലകളിലുമൊക്കെ ഉണ്ടാകുന്ന പലതരത്തിലുള്ള വിവേചനങ്ങൾ കണ്ടു പരിചയിച്ചവരാണ്. നമ്മളിൽ

നിന്നും വ്യത്യസ്തരായ ജാതി, മത, ലിംഗ വിഭാഗങ്ങളിൽപ്പെട്ടവരോട് നമുക്ക് ചില മുൻവിധികളുണ്ട്. നമ്മൾ അടിച്ചമർത്തപ്പെട്ടിരിക്കുന്നു എന്നു തോന്നിയാൽ അതിൽ നിന്നും മോചനം ആഗ്രഹിക്കും. അതിന് കാലതാമസം നേരിട്ടാൽ ഒരു അക്രമാസക്തമായ വിപ്ലവത്തെപ്പോലും ന്യായീകരിക്കാൻ നമ്മൾ തയാറാകും. ഇനി നമ്മൾ ആഭിജാതവർഗത്തിൽ ഉൾപ്പെട്ടിരിക്കുകയാണെങ്കിലോ, നമ്മുടെ സ്വന്തം വേലക്കാരും സഹായികളും അവരുടെ അന്തസുകാക്കാൻ കഷ്ടപ്പെടുന്ന സമയത്തുപോലും അത് അടിച്ചമർത്തലാണെന്ന് അംഗീകരിക്കാൻ നമ്മൾ വിസമ്മതിക്കും. ചില സമയത്ത് നമ്മുടെ കീഴ്ജീവനക്കാർക്ക് ഇത്രയൊക്കെ ലഭിക്കാൻ മാത്രമേ അർഹതയുള്ളു എന്നു നാം ചിന്തിച്ചേക്കാം. രാഷ്ട്രീയസിദ്ധാന്തം നമ്മളെ രാഷ്ട്രീയകാര്യങ്ങളിൽ നമ്മുടെ അനുഭവങ്ങളും ആശയങ്ങളും എന്തെന്നു പരിശോധിക്കാൻ പ്രേരിപ്പിക്കുന്നു. അവയെ നമ്മൾ സൂക്ഷ്മതയോടെ നിരീക്ഷിക്കുകയാണങ്കിൽ നമ്മുടെ ആശയങ്ങളും സമീപനങ്ങളും കൂടുതൽ ഉദാരമാക്കാൻ നമുക്ക് കഴിയും.

അവസാനമായി, വിദ്യാർഥികൾ എന്ന നിലക്ക് നമ്മൾ പ്രസംഗ മൽസരങ്ങളിലും സംവാദങ്ങളിലും പങ്കെടുക്കാറുണ്ട്. അവയിൽ ഉന്നയിക്കുന്ന കാര്യങ്ങൾ തെറ്റാണോ ശരിയാണോ, നീതിയാണോ, അനീതിയാണോ എന്നതിനെക്കുറിച്ച് നമുക്ക് നമ്മുടേതായ അഭിപ്രായങ്ങളുണ്ടാകും. പക്ഷേ അവ യുക്തിസഹമാണോ അല്ലയോ എന്നതിനെക്കുറിച്ച് നമുക്ക് ധാരണയുണ്ടായിരിക്കില്ല. നമ്മൾ മറ്റുള്ളവരുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടുമ്പോഴാണ് നമ്മളുന്നയിക്കുന്ന വാദഗതികളെ യുക്തിസഹമായി പ്രതിരോധിക്കേണ്ട ആവശ്യകത നമുക്ക് ബോധ്യമാകുന്നത്. സമത്വത്തെക്കുറിച്ചോ, നീതിയേക്കുറിച്ചോ കൂടുതൽ ആഴത്തിൽ ചിന്തിക്കാനും അതുവഴി നമ്മുടെ അഭിപ്രായങ്ങളെ നവീകരിച്ചുകൊണ്ട് പൊതുനൻമക്ക് ഉതകുന്ന രീതിയിൽ കൂടുതൽ ശക്തമായ വാദങ്ങൾ ഉന്നയിക്കാനും രാഷ്ട്രീയസിദ്ധാന്തം നമ്മെ സഹായിക്കുന്നു. അത്തരത്തിൽ യുക്തിസഹമായി സംവദിക്കാനും ഫലപ്രദമായ ആശയവിനിമയത്തിനുമുള്ള ശേഷി, വിവരസാങ്കേതികവിദ്യ ആധിപത്യം ചെലുത്തുന്ന നിലവിലെ ലോകക്രമത്തിനു വലിയൊരു മൂലധനമായിരിക്കും.

# അഭ്യാസം

അഭ്യാസം

1. രാഷ്ട്രീയസിദ്ധാന്തത്തെ സംബന്ധിച്ചു താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനയിലെ ശരി/തെറ്റ് ഏതെന്നു കണ്ടെത്തുക?
   (a) രാഷ്ട്രീയസ്ഥാപനങ്ങൾക്ക് അടിത്തറയിടുന്ന ആശയങ്ങളെക്കുറിച്ച് ഇത് ചർച്ചചെയ്യുന്നു.
   (b) വ്യത്യസ്തമതങ്ങൾ തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ച് ഇത് വിശദീകരിക്കുന്നു.
   (c) സ്വാതന്ത്ര്യം, സമത്വം തുടങ്ങിയ ആശയങ്ങളുടെ അർഥതലങ്ങളെക്കുറിച്ച് ഇത് വിശദീകരിക്കുന്നു.
   (d) രാഷ്ട്രീയപ്പാർട്ടികളുടെ പ്രകടനത്തെക്കുറിച്ച് (Performance) ഇത് പ്രവചനങ്ങൾ നടത്തുന്നു.
2. രാഷ്ട്രീയമെന്നാൽ രാഷ്ട്രീയക്കാരുടെ പ്രവർത്തനങ്ങൾക്കുപരിയായിട്ടുള്ള ഒന്നാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉദാഹരണ സഹിതം വിശദമാക്കുക.
3. ജാഗ്രതയുള്ള പൗരൻമാർ ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.
4. ഏതെല്ലാം രീതിയിലാണ് രാഷ്ട്രീയസിദ്ധാന്തപഠനം നമുക്ക് ഉപയോഗപ്രദമായിത്തീരുന്നത്? രാഷ്ട്രീയസിദ്ധാന്തം നമുക്ക് ഉപയോഗപ്രദമാകുന്ന നാലു സന്ദർഭങ്ങൾ കണ്ടെത്തുക?
5. മികച്ചതും വിശ്വസനീയവുമായ നിങ്ങളുടെ ഒരു വാദത്തിന് ആവശ്യമായ ശ്രദ്ധ നൽകാൻ മറ്റുള്ളവർ നിർബന്ധിതരാകുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?
6. രാഷ്ട്രീയസിദ്ധാന്ത പഠനം ഗണിതശാസ്ത്രപഠനം പോലെയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക.